**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2483** **21-01-2021 - ൽ മറുപടിയ്ക്ക്**

**ശ്രീജിഷ്ണയ്ക്ക് സ്പോർട്സ് ക്വാട്ടയിൽ ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2011 മുതൽ തുടർച്ചയായി നാഷണൽ ഗെയിംസിലും 2015ൽ തായ് വാനിൽ നടന്ന ഏഷ്യാ-പസഫിക് സ്പെഷ്യൽ ഒളിംപിക്സിലും 2016ൽ ബൾഗേറിയയിൽ നടന്ന വേൾഡ് ഡഫ് ഒളിംപിക്സിലും പങ്കെടുത്ത് സ്വർണ്ണം ഉൾപ്പെടെയുള്ള നിരവധി മെഡലുകൾ കരസ്ഥമാക്കിയ തൃശ്ശൂർ മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ കളാശ്ശേരി വീട്ടിൽ ശ്രീജിഷ്ണ എന്ന ഭിന്നശേഷിയുള്ള കായികതാരത്തിന് സർക്കാരിന്റെ സ്പോർട്സ് ക്വാട്ട പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ദേശീയ/അന്തർദേശീയ മെഡൽ ജേതാക്കൾക്ക് സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതും, റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പാണ്. 2009 മുതൽ 2014 വരെയുള്ള ഒഴിവുകളിലേക്കുള്ള അപേക്ഷ ക്ഷണിക്കുകയും നിയമനത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുകയും നിയമന നടപടികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 2015 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ, കായിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ശ്രീജിഷ്ണയ്ക്കും അപേക്ഷിക്കാവുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. കൂടാതെ കുമാരി ശ്രീജിഷ്ണ, ശ്രീ.ജിജോ കുര്യാക്കോസ് എന്നീ ബധിര കായികതാരങ്ങൾക്ക് കായിക വികസന നിധിയിൽ നിന്നും പ്രോത്സാഹനമായി ഒരു ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇക്കാര്യം ആവശ്യപ്പെട്ട് സർക്കാരിന് നൽകിയിട്ടുള്ള നിവേദനം പരിഗണിച്ച് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | ദേശീയ/അന്തർദേശീയ മെഡൽ ജേതാക്കൾക്ക് സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതും, റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പാണ്. 2009 മുതൽ 2014 വരെയുള്ള ഒഴിവുകളിലേക്കുള്ള അപേക്ഷ ക്ഷണിക്കുകയും നിയമനത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുകയും നിയമന നടപടികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 2015 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ, കായിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | വിധേയമായി ശ്രീജിഷ്ണയ്ക്കും അപേക്ഷിക്കാവുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. കൂടാതെ കുമാരി ശ്രീജിഷ്ണ, ശ്രീ.ജിജോ കുര്യാക്കോസ് എന്നീ ബധിര കായികതാരങ്ങൾക്ക് കായിക വികസന നിധിയിൽ നിന്നും പ്രോത്സാഹനമായി ഒരു ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ